# ബഹുഭാര്യാത്വം: ഒരു പഠനം

ചില പ്രത്യേക പരിതഃസ്ഥിതികളെ കണക്കിലെടുത്തുകൊണ്ട് ഇസ്‌ലാം ബഹുഭാര്യാത്വം അനുവദിച്ചിരിക്കുന്നു. ഡോക്ടർ ആനിബസന്റ്, വില്യം കെല്ലി തുടങ്ങിയ പ്രമുഖരായ പല പണ്ഡിതന്മാരും ഇസ്‌ലാമിന്റെ വിശാലമായ മാനുഷികതക്കു ഉദാഹരണമായാണ് ഇതിനെ കണ്ടത്. എന്നാൽ, ഇസ്‌ലാമിലെ 'പുരുഷമേധാവിത്വ'ത്തിനും 'സ്ത്രീസമൂഹത്തോടുള്ള അനീതി'ക്കും ഉദാഹരണമായി ഈ നിയമത്തെ പൊക്കിപ്പിടിക്കുന്നവരും കുറവല്ല.

ബഹുഭാര്യാത്വം ഇസ്‌ലാമിൽ ഒരടിസ്ഥാന നിയമമല്ല. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക: "........നിങ്ങൾക്കിഷ്ടമുള്ള സ്ത്രീകളെ രണ്ടോ മൂന്നോ നാലോ വീതം വിവാഹം ചെയ്തുകൊള്ളുക. എന്നാൽ അവർക്കിടയിൽ നീതിപുലർത്താൻ കഴിയുകയില്ലെന്ന് നിങ്ങൾക്കാശങ്കയുണ്ടെങ്കിൽ ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്യുക."

ഇവിടെ നീതിക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. അതാകട്ടെ, എളുപ്പം സാധിക്കുകയുമില്ല. അപ്പോൾ, അടിസ്ഥാനപരമായി ഏകഭാര്യാത്വം തന്നെയാണ് ഇസ്‌ലാം അംഗീകരിച്ചിട്ടുള്ളത്. എന്നാൽ, ഏകഭാര്യാത്വം അനീതിയാവുന്ന ചില സന്ദർഭങ്ങളുണ്ടാവും. അത്തരം സന്ദർഭങ്ങളിൽ അവലംബിക്കാവുന്ന ഒരു പ്രത്യേക നിയമമായാണ് ഇസ്‌ലാം ബഹുഭാര്യാത്വത്തെ മുമ്പോട്ടുവെക്കുന്നത്. ഇവിടെയും പൂർണമായ നീതി ലഭിക്കുമെന്നു വിശ്വാസമില്ല. മറിച്ച്, 'വലിയ വിപത്തിനെ തടുക്കാൻവേണ്ടി ചെറിയ വിപത്തിനെ സ്വീകരിക്കുക' എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു നിയമനിർമാണമാണത്.

യുദ്ധത്തിന്റെയും മറ്റും സന്ദർഭങ്ങളിൽ ഒട്ടേറെ ചെറുപ്പക്കാർ മരണത്തിന് ഇരയാവുമ്പോൾ ഇങ്ങനെയൊരു നിയമനിർമാണത്തിനു സമൂഹം നിർബന്ധിതമാവും. അവിടെ സ്ത്രീ-പുരുഷ സന്തുലിതത്വം താറുമാറാവുന്നു. സ്ത്രീകളുടെ എണ്ണം പുരുഷന്റേതിനേക്കാൾ വർധിക്കുന്നു. സമൂഹം തകർച്ചയെയും ധാർമികാരാജകത്വത്തെയും നേരിടുന്നു. ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീകൾക്ക് തങ്ങളെയും തങ്ങളുടെ കുടുംബത്തെയും രക്ഷിക്കാൻ ജോലി തേടി വെളിയിൽപോകാം. പക്ഷേ, സഹജമായ ലൈംഗിക ദാഹം തീർക്കാൻ പുരുഷന്മാരെത്തേടി വെളിയിൽപോകാമോ? ബഹുഭാര്യാത്വം തീരെ അനുവദിക്കാത്ത ചുറ്റുപാടിൽ ഇതല്ലാതെ സ്ത്രീക്കു മാർഗമുണ്ടാവുകയില്ല. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ജർമനിയിലും മറ്റു പല രാഷ്ട്രങ്ങളിലും ഇങ്ങനെയുള്ള ഒരവസ്ഥയുണ്ടായിരുന്നു.

ഒരാളുടെ ഭാര്യ വന്ധ്യയാണെന്നു വെക്കുക. ഒരു സന്താനത്തിനുവേണ്ടിയുള്ള ദാഹം അയാളെങ്ങനെ തീർക്കും? പ്രസവശേഷിയില്ലാതെ പോയത് സ്ത്രീയുടെ കുറ്റമല്ല എന്നത് ശരി. പക്ഷേ, ഒരു കുഞ്ഞിനുവേണ്ടിയുള്ള പുരുഷന്റെ ന്യായമായ അവകാശത്തിനു മുമ്പിൽ അവൾ തടസ്സമാകുന്നത് ശരിയോ?

ഇനി, സ്ത്രീ മാറാരോഗിയാണെങ്കിലോ? അവളുമായി ലൈംഗികബന്ധം സാധ്യമല്ലാത്ത അവസ്ഥയിൽ പുരുഷൻ എന്ത് മാർഗം കൈക്കൊള്ളണമെന്നാണ് പറയുന്നത്?

ഏകഭാര്യാത്വം കർശനമാക്കിയ ഒരു സമൂഹത്തിൽ ഇത്തരം പരിതഃസ്ഥിതി വരുമ്പോൾ എന്തായിരിക്കും പുരുഷൻ ചെയ്യുക? വന്ധ്യയോ മാറാരോഗിയോ ആയ ഭാര്യയെ, അവൾ എങ്ങനെ കഷ്ടപ്പെട്ടാലും തനിക്കൊന്നുമില്ല എന്ന ഭാവേന അങ്ങുപേക്ഷിക്കുക. ഇതാണൊരു മാർഗം. ഇത് മാനുഷികമായ രീതിയാണെന്നു ആരും പറയുകയില്ല. രണ്ടാമത്തെ മാർഗം അവളെ നിയമാനുസൃത ഭാര്യയായി തന്റെ കീഴിൽത്തന്നെ നിർത്തി അന്യസ്ത്രീകളെ സമീപിക്കുകയാണ്. അൽപമെങ്കിലും സദാചാരബോധമുള്ളവർക്ക് ഇത് സ്വീകാര്യമാവുകയില്ല. മറ്റൊരു മാർഗം കൂടിയുള്ളത്, അവൾക്കുവേണ്ടി, സ്വന്തം വികാരങ്ങളെയും മോഹങ്ങളെയും ജീവിതാന്ത്യം വരെ അടക്കിനിർത്തി ക്ഷമ കൈക്കൊള്ളുകയെന്നതാണ്. എല്ലാവർക്കും സാധിക്കുന്ന ഒന്നല്ല ഇത്. സാധിക്കാത്ത കാര്യം നിയമംമൂലം നിർബന്ധിക്കുന്നത് നീതിയല്ല. മനുഷ്യനു സാധിക്കാത്തത് അവരോട് നിർബന്ധിക്കുകയില്ല എന്നത് ഇസ്‌ലാമിക നിയമത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ്. ഇതുപോലുള്ള സന്ദർഭങ്ങളിൽ മറ്റൊരു സ്ത്രീയെക്കൂടി വിവാഹം ചെയ്യുന്നത് തന്നെയായിരിക്കും കരണീയം എന്നു മനസ്സിലാക്കാവുന്നതാണ്.

വികാരശമനത്തിന് ഒരു സ്ത്രീ മാത്രം മതിയാകാത്ത പുരുഷന്മാരുണ്ടാവുക അസാധാരണമല്ല. ഇത്തരം സന്ദർഭങ്ങളിലെല്ലാം സ്ത്രീക്കും ഉത്തമമായിട്ടുള്ളത് ഒരേ ഭർത്താവിന്റെ കീഴിൽ ഒരുമിക്കുകയാണ്. സംരക്ഷിക്കാൻ ഒരാളില്ലാതെ വഴിയാധാരമായിക്കഴിയേണ്ടിവന്നാലും, പരസ്ത്രീഗാമി

യായ ഭർത്താവിന്റെ ഭാര്യയായിരുന്നാലും, മറ്റൊരു സ്ത്രീയോടൊപ്പം ഒരേ ഭർത്താവിന്റെ കീഴിൽ ജീവിക്കാൻ താൻ ഒരുക്കമല്ല എന്നുപറയുന്ന സ്ത്രീകളുണ്ടായേക്കാം. പക്ഷേ, സ്ത്രീസമൂഹത്തെ സംബന്ധിച്ചിടത്തോളം ഒരിക്കലും അതു ഗുണകരമായിരിക്കുകയില്ല എന്നു മനസ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല.

ഒന്നിലധികം സ്ത്രീകളെ വിവാഹം ചെയ്യുന്നത് അനിവാര്യമോ ഉത്തമമോ ആകുന്ന സന്ദർഭങ്ങൾ മനുഷ്യജീവിതത്തിൽ അസാധാരണമല്ല എന്ന് ഇത്രയും പറഞ്ഞതിൽനിന്നുതന്നെ ഗ്രഹിക്കാം. ഇനി മറ്റൊരു വശത്തിൽ കൂടി പ്രശ്നത്തെ സമീപിക്കാം. ഒന്നിൽ കൂടുതൽ സ്ത്രീകളുമായി ലൈംഗികബന്ധത്തിലേർപ്പെടാൻ പുരുഷനെ അനുവദിക്കാമോ? ആകാമെങ്കിൽ അതിന്റെ പരിധിയും നിബന്ധനകളും എന്തൊക്കെയാണ്?

ഈ ചോദ്യത്തിന് ആധുനിക പാശ്ചാത്യ നിയമങ്ങൾ നൽകുന്ന ഉത്തരം ഇതാണ്: പുരുഷന് എത്ര സ്ത്രീകളോടു വേണമെങ്കിലും ലൈംഗികബന്ധം പുലർത്താം. പക്ഷേ, അവരിൽ ഒരുവളെ മാത്രമേ അവൻ ഭാര്യയായി വെക്കാവൂ. പത്നീപദം നൽകാതെ ഇഷ്ടമുള്ളത്ര സ്ത്രീകളുമായി സ്വതന്ത്രലൈംഗിക ബന്ധമാവാം. ഭാര്യാപദം നൽകിയ ആ ഒരൊറ്റ സ്ത്രീയുമായി മാത്രമേ അവന് ഉത്തരവാദിത്വമുള്ളൂ. മറ്റുള്ളവരെല്ലാം തന്റെ ലൈംഗികദാഹം തീർക്കാനുള്ള ഉപകരണങ്ങൾ മാത്രം. അവരുടെ ഭക്ഷണമോ, പാർപ്പിടമോ അവന്റെ ബാധ്യതയിൽ പെട്ടതല്ല. അവരിലുണ്ടാവുന്ന കുഞ്ഞുങ്ങളുടെ ശിക്ഷണപരിപാലനം അവന്റെ ചുമതലയല്ല. അവന്റെ സ്വത്തിൽ അവർക്കാർക്കും അവകാശമില്ല. അവന് ഇഷ്ടമുള്ളത്രകാലം അവരുമായി ലൈംഗികബന്ധത്തിലേർപ്പെടാം. അതുകഴിഞ്ഞു അവരെ വലിച്ചെറിയാം. പിന്നെ അവർ എങ്ങനെ ജീവിക്കുന്നുവെന്ന് അവൻ നോക്കേണ്ടതില്ല. പാശ്ചാത്യൻ സംസ്കാരത്തിന്റെ കണ്ണിൽ ഇതാണ് നീതി; പരിഷ്കാരം. ഇസ്‌ലാം പക്ഷേ, ഇതംഗീകരിക്കുന്നില്ല. പുരുഷനെ ഒന്നിലധികം സ്ത്രീകളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതിനു ഇസ്‌ലാമും അനുവദിക്കുന്നുണ്ട്. പക്ഷേ, ഇഷ്ടമുള്ളത്ര സ്ത്രീകളുമായി യഥേഷ്ടം ബന്ധം പുലർത്താൻ അത് അനുവദിക്കുന്നില്ല. ഒന്നാമതായി, ഒരേസമയം നാലുപേരുമായി മാത്രമേ അവന് ലൈംഗികമായ ഇടപാടുകൾ പാടുള്ളൂ. ഈ നാലുപേരുമായി ലൈംഗികബന്ധം പുലർത്തുന്നതിനുമുമ്പായി അവർക്ക് ഭാര്യാപദം നൽകേണ്ടതുണ്ട്. പിന്നീട് അവരുടെ ഭക്ഷണം, പാർപ്പിടം, വസ്ത്രം, ചികിത്സ തുടങ്ങിയവയെല്ലാം അവന്റെ ചുമതലയാണ്. അവരിലുണ്ടാവുന്ന കുഞ്ഞുങ്ങളുടെ ശിക്ഷണപരിപാലനവും അവന്റെ ഉത്തരവാദിത്വമാണ്. നാലു ഭാര്യമാരോടും തുല്യമായും നീതിനിഷ്ഠയോടുകൂടിയുമായിരിക്കണം അവൻ പെരുമാറുന്നത്. അവൻ മരിച്ചാൽ അവർക്കെല്ലാം അവന്റെ സ്വത്തിൽ തുല്യമായ അവകാശമുണ്ടായിരിക്കും. ഇത്, ആധുനിക മനസ്സുകൾക്ക് പക്ഷേ, അംഗീകരിക്കാൻ കഴിയുന്നില്ല. അവരുടെ ദൃഷ്ടിയിൽ കടുത്ത ക്രൂരതയും അനീതിയുമാണിത്. മറിച്ച്, ഒരു സ്ത്രീയെ മാത്രം ഭാര്യയായിവെക്കുകയും, ഭാര്യാപദം നൽകാതെ ഇഷ്ടമുള്ളത്ര സ്ത്രീകളുമായി ലൈംഗികബന്ധത്തിലേർപ്പെടുകയും ചെയ്യുന്നത് അവരുടെ വീക്ഷണത്തിൽ കുറ്റകരമല്ല. ഈ ന്യായം ഇസ്‌ലാമിന് അംഗീകരിക്കാൻ നിവൃത്തിയില്ല. അതിലെ 'നീതി' കാണാനുള്ള കണ്ണ് ഇസ്‌ലാമിനില്ല. ഇതിന്റെ പേരിലാണ് ഇസ്‌ലാമിനെ കുറ്റപ്പെടുത്തുന്നതെങ്കിൽ ആ കുറ്റം ഇസ്‌ലാം ഏറ്റെടുക്കുന്നു.

## സ്ത്രീകൾക്ക് ഗുണകരമോ?

ബഹുഭാര്യാത്വത്തെ എതിർക്കുന്നവരുടെ ഒരു ന്യായം സ്ത്രീകൾക്ക് അതുമൂലം അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളാണ്. ഒരളവുവരെ ഇത് ന്യായവുമാണ്. ഒരു പുരുഷന്റെ കീഴിൽ നാലു പോയിട്ട് രണ്ടു സ്ത്രീകൾ ഒരുമിച്ചുകൂടുന്നതുപോലും സ്ത്രീക്കു ഉത്തമമോ സന്തോഷദായകമോ അല്ല. ബഹുഭാര്യാത്വത്തിൽ സ്ത്രീകൾക്ക് പരിപൂർണമായ നീതി ലഭ്യമാകും എന്നും വാദമില്ല. മറിച്ച്, ഏക ഭാര്യാത്വം അടിച്ചേൽപിക്കപ്പെടുന്ന ഒരു സമൂഹത്തിൽ സ്ത്രീകൾക്കു അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളുമായി തുലനം ചെയ്യുമ്പോൾ ബഹുഭാര്യാത്വം വെച്ചുപുലർത്തുന്ന സമൂഹത്തിലുള്ള അവരുടെ വിഷമതകൾ ലഘുവാണ്. സമൂഹത്തിന്റെ ഭദ്രതക്കും ധാർമിക പരിശുദ്ധിക്കും കർശനമായ ഏകഭാര്യാത്വത്തേക്കാൾ ഉത്തമം നിയന്ത്രിതമായ ബഹുഭാര്യാത്വം തന്നെയാണ്.

ബഹുഭാര്യാത്വം നിരോധിച്ച സമൂഹങ്ങളിലൊന്നും അതു വിജയപ്രദമായിട്ടില്ലെന്ന വസ്തുതയും കണക്കിലെടുക്കേണ്ടതാണ്. പാശ്ചാത്യൻ രാഷ്ട്രങ്ങളുടെ അവസ്ഥ എല്ലാവർക്കുമറിവുള്ളതാണ്. നമുക്കു ഇന്ത്യയുടെ കാര്യമെടുക്കാം. ബഹുഭാര്യത്വത്തിനുപുറമെ ബഹുഭർതൃത്വവും അനുവദിച്ചിരുന്നവരാണ് ഇവിടത്തെ ഹിന്ദുക്കൾ. 1956–ലെ നിയമ പരിഷ്കരണത്തിലാണ് അത് രണ്ടും അവർക്കു നിരോധിക്കപ്പെട്ടത്. പക്ഷേ, ബഹുഭാര്യാത്വം അവർക്കിടയിൽനിന്ന് തുടച്ചുനീക്കാൻ ഇന്നോളം കഴിഞ്ഞിട്ടില്ല. 1969–ലെ ഒരു കണക്കനുസരിച്ച് മുസ്‌ലിംകളുടേതിനേക്കാൾ അഞ്ചിരട്ടി കൂടുതലാണ് ഹിന്ദുക്കൾക്കിടയിൽ ബഹുഭാര്യാത്വത്തിന്റെ തോത്. ഗുജറാത്തിലെ കുപ്രസിദ്ധമായ 'മൈത്രി കരാർ' ബഹുഭാര്യാത്വ നിരോധനത്തിനെതിരായ വ്യക്തമായ ഒരു വെല്ലുവിളിയാണ്.

ഈ വസ്തുതകളെയെല്ലാം മറക്കുകയോ മറയ്ക്കുകയോ ചെയ്തുകൊണ്ടാണ് ബഹുഭാര്യാത്വ നിരോധനത്തിനുവേണ്ടി ചില വിഭാഗങ്ങൾ മുറവിളി കൂട്ടുന്നത്. ബഹുഭാര്യാത്വം നിരോധിക്കുന്നതു മൂലമുണ്ടായിത്തീരുന്ന പ്രശ്നങ്ങളെക്കുറിച്ച് ഇവർ ബോധവാന്മാരല്ല. ഈയിടെ കേരളത്തിൽ ഇവരുടെ മുറവിളി കുറേ ശക്തിയായി ഉയരുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിലാണ് ഈ പഠനം നടത്തപ്പെട്ടത്.

ബഹുഭാര്യാത്വം സംബന്ധിച്ച വിപുലവും ആധികാരികവുമായ ഒരു പഠനമല്ല ഇത് എന്ന് ആദ്യമേ

ഓർമിപ്പിക്കട്ടെ. മുസ്‌ലിം സമൂഹത്തിൽ ബഹുഭാര്യാത്വത്തിന്റെ തോത് എന്തെന്നോ, മറ്റു സമുദായങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ അതിന്റെ ആനുപാതിക ക്രമം എന്തെന്നോ മനസ്സിലാക്കുക ഈ പഠനത്തിന്റെ ഉദ്ദേശ്യമായിരുന്നില്ല. കൂടുതൽ സമയവും അധ്വാനവും ആവശ്യപ്പെടുന്ന ഒന്നാണത്. ചുരുങ്ങിയ സമയത്തിനുള്ളിൽ നടത്തിയ ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം, ഒന്നിൽ കൂടുതൽ സ്ത്രീകളെ വിവാഹം ചെയ്യാൻ പുരുഷന്മാരെ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ ഏതൊക്കെ? ഒന്നിലധികം പത്നിമാരുള്ളവർ അവരോട് എങ്ങനെ പെരുമാറുന്നു? ശരീഅത്തിന്റെ ഉപാധികൾ പാലിക്കാൻ അവരിൽ എത്ര പേർക്ക് സാധിക്കുന്നുണ്ട്? സ്വപത്നിമാർ എങ്ങനെ പെരുമാറുന്നു? സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ജീവിതത്തെ ബഹുഭാര്യാത്വം എങ്ങനെ ബാധിക്കുന്നു എന്നു തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കുകയായിരുന്നു. എന്നാൽ ഇത് തന്നെ വേണ്ടത്ര വിജയിച്ചു എന്നു പറയാനും വയ്യ. ബന്ധപ്പെട്ട വ്യക്തികളെ കണ്ടെത്താനും കണ്ടെത്തിയവരിൽ നിന്നുതന്നെ വിവരങ്ങൾ പൂർണമായി ലഭിക്കാനുമുള്ള പ്രയാസം ഈ പഠനത്തെ ഉദ്ദേശിച്ച നിലവാരത്തിലെത്തിക്കുന്നതിനു തടസ്സമായി നിന്നിട്ടുണ്ട്. ബഹുഭാര്യാത്വം പുലർത്തുന്ന പുരുഷന്മാരെയും അവരുടെ ഭാര്യമാരെയും നേരിൽകണ്ടു സംസാരിച്ചും അവരെക്കുറിച്ചറിയാവുന്ന മറ്റുള്ളവരിൽനിന്ന് വിവരങ്ങൾ ശേഖരിച്ചും കഴിയുന്നത്ര വിജയകരമാക്കാൻ ശ്രമിച്ചിട്ടുണ്ട്. തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 6 ഗ്രാമങ്ങളിലാണ് ഈ പഠനം നടത്തിയത്. മുസ്‌ലിംകൾക്കു ഭൂരിപക്ഷമുള്ള പ്രദേശങ്ങളാണിവ. ബഹുഭാര്യാത്വം സ്വീകരിച്ച 36 പുരുഷന്മാരെയാണ് ഈ ആറു ഗ്രാമങ്ങളിലും കൂടി ആകെ കണ്ടെത്താൻ കഴിഞ്ഞത്. ഇവരിൽ രണ്ടുപേർക്ക് 3 ഭാര്യമാർ വീതമുണ്ട്. ബാക്കിയുള്ളവരെല്ലാം ഈരണ്ട് ഭാര്യമാരുള്ളവരാണ്. 36 പേരിൽ 4 പേർ അമുസ്‌ലിംകളാണ്. ഇവരിൽ തന്നെ ഒരാൾ ക്രിസ്ത്യാനിയും 3 പേർ ഹിന്ദുക്കളും. ഹിന്ദുക്കളിൽ രണ്ടുപേർ ഈഴവരും ഒരാൾ ബ്രാഹ്മണനുമാണ്. അമ്പലത്തിലെ ശാന്തിക്കാരനായ ഈ ബ്രാഹ്മണൻ ഭാര്യയുടെ അനുജത്തിയെ തന്നെയാണ് രണ്ടാം ഭാര്യയായി തെരഞ്ഞെടുത്തിട്ടുള്ളത്. രണ്ടുഭാര്യമാരുമൊത്ത് ഒരേ വീട്ടിൽ സന്തോഷത്തോടെ കഴിയുന്നു. മുസ്‌ലിംകളിൽ ഒരാൾ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനാണ്. ജോലിസ്ഥലത്തേക്കു വരാൻ ഭാര്യ വിസമ്മതിച്ചതുകൊണ്ടാണ് ഇയാൾ മറ്റൊരുവളെക്കൂടി വിവാഹം ചെയ്തത്. ആദ്യഭാര്യ ശക്തിയായി എതിർത്തെങ്കിലും അതു വകവെക്കാതെയാണ് രണ്ടാം വിവാഹത്തിന് ഇയാൾ മുതിർന്നത്. ഇപ്പോൾ ആദ്യഭാര്യയുടെ അടുത്തുപോവുകയോ അവരുമായി ബന്ധപ്പെടുകയോ ചെയ്യാറില്ല.

പഠനത്തിനു വിധേയരായ 36 പേരിൽ 3 പേരൊഴിച്ചുള്ളവരെല്ലാം വിദ്യാഭ്യാസപരമായി താണപടിയിലുള്ളവരാണ്. 3–ൽ രണ്ട് പേർ എസ്.എസ്.എൽ.സിക്കാരാണ്. ഒരാൾ ബിരുദധാരിയും. എസ്.എസ്.എൽ.സിയുള്ള രണ്ടുപേരും അമുസ്‌ലിംകളത്രെ. ഈ മൂന്നുപേരുമൊഴിച്ചുള്ളവർ പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ളവരോ അതുമില്ലാത്തവരോ ആണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണ് ഇവരിൽ അധികപേരും.

മതപരമായ അറിവും ഇവരിൽ നന്നേ കുറവാണ്. ശരീഅത്ത് നിയമങ്ങളെക്കുറിച്ച് അറിയാവുന്നവർ ആരുമില്ല. ഭൂരിപക്ഷവും മതവിശ്വാസികളും മതചടങ്ങുകളിൽ പങ്കെടുക്കുന്നവരും തന്നെ. 10 പേർ മതത്തോട് തീരെ താൽപര്യമില്ലാത്തവരാണ്.

ഭാര്യയുടെ വന്ധ്യത, മാറാരോഗം, ഭാര്യയെ വിട്ട് നീണ്ട കാലം അന്യദേശത്ത് താമസിക്കേണ്ടി വന്നത്, ജോലി സ്ഥലത്തേക്ക് വരാനുള്ള ഭാര്യയുടെ വിസമ്മതം, ഭാര്യയുടെ പെരുമാറ്റ ദൂഷ്യം എന്നിങ്ങനെ പല കാരണങ്ങളും രണ്ടാം വിവാഹത്തിനു പ്രേരകമായിട്ടുണ്ട്. ഭാര്യയുടെ അസാന്നിധ്യത്തിൽ വീട്ടിൽ വേലക്കാരിയെ നിർത്തേണ്ടി വന്നപ്പോൾ ജനാപവാദം ഭയന്ന് അവളെ വിവാഹം കഴിച്ച ഒരാളെയും, മരണസമയത്ത് മാതാവ് ചെയ്ത വസിയ്യത്ത് നിറവേറ്റാൻ വേണ്ടി മാത്രം മറ്റൊരു സ്ത്രീയെ കൂടി വിവാഹം ചെയ്ത ഒരാളെയും കാണാൻ കഴിഞ്ഞു. ഒരു ഭാര്യയിൽ മാത്രം ലൈംഗിക സംതൃപ്തി കണ്ടെത്താൻ കഴിയാതെ വന്നതുകൊണ്ടാണ് താൻ മറ്റൊരു സ്ത്രീയെകൂടി വിവാഹം ചെയ്തതെന്ന് തുറന്നു സമ്മതിച്ച ഒരാളുമുണ്ട്.

പുരുഷന്മാരിൽ മിക്ക പേരുടെയും പ്രായം ഒന്നാം വിവാഹസമയത്ത് 16–നും 25–നുമിടക്കായിരുന്നു. 26–നും 30–നുമിടക്ക് ആദ്യവിവാഹം നടത്തിയ ഏതാനും പേരുമുണ്ട്. എന്നാൽ അവരിൽ 24 –പേർ രണ്ടാം വിവാഹത്തിനൊരുങ്ങിയത് 30–നും 40–നുമിടക്ക് പ്രായമുള്ളപ്പോഴാണ്. 6 പേർ 25 –നും 30–നുമിടക്കും 4 പേർ 40–നും 45–നുമിടക്കും പ്രായമുള്ളപ്പോൾ രണ്ടാം വിവാഹത്തിൽ പ്രവേശിച്ചവരാണ്. 50–ാം വയസ്സിൽ രണ്ടാം വിവാഹം ചെയ്ത ഒരാളും കൂട്ടത്തിലുണ്ട്.

എന്നാൽ, 23 പേരും രണ്ടാം വിവാഹത്തിനു കന്യകമാരെയാണ് തെരഞ്ഞെടുത്തത്. 13 പേർ വിധവകളെക്കൊണ്ടു തൃപ്തിപ്പെട്ടു. സപത്നിമാരെ ഒരേ വീട്ടിൽ താമസിപ്പിക്കാൻ ഇവരിൽ 7 പേർക്കേ കഴിഞ്ഞിട്ടുള്ളൂ. പ്രത്യേകം വീടുകളിൽ താമസിക്കുന്ന സപത്നിമാരിൽ പകുതിപേരും പരസ്പരം കാണുകയും ബന്ധപ്പെടുകയും ചെയ്യുന്നവരാണ്. ആദ്യഭാര്യമാരിൽ 40 ശതമാനവും തങ്ങൾക്കു സപത്നിയോടു സ്നേഹമാണുള്ളതെന്നു തുറന്നുപറഞ്ഞു. രണ്ടാം ഭാര്യമാരിൽ കുറഞ്ഞപേരേ സപത്നിമാരെ വെറുപ്പോടെ വീക്ഷിക്കുന്നവരായുള്ളൂ. ആദ്യമാദ്യം വെറുപ്പും എതിർപ്പും പ്രകടിപ്പിച്ച ഒന്നാം ഭാര്യമാർ കാലക്രമേണ അവയെല്ലാം നിർത്തി സപത്നിമാരോടൊത്ത് കഴിയാൻ സന്നദ്ധരാവുന്നതായാണ് കാണുന്നത്. ലൈംഗികമായോ ശാരീരികമായോ ബലഹീനതയുള്ള ഒന്നാം ഭാര്യമാർ പൊതുവെ ഭർത്താവിന്റെ രണ്ടാം വിവാഹത്തിനു തടസ്സം പറയാത്തവരും സപത്നിയെ സ്നേഹിക്കുന്നവരുമാണ്.

ആദ്യഭാര്യയോട് അന്വേഷിക്കാതെയാണ് അധികപേരും രണ്ടാം വിവാഹത്തിനൊരുങ്ങിയത്.

ചിലർ വിവാഹം ചെയ്തതിനു ശേഷം ആദ്യഭാര്യയെ വിവരമറിയിച്ചു. മറ്റു ചിലർ തീരെ വിവരമറിയിച്ചതേയില്ല. ചുരുക്കം ചിലർ ഒന്നാം ഭാര്യയോട് അന്വേഷിച്ചുവെങ്കിലും അവളുടെ വെറുപ്പ് വകവെക്കാതെ രണ്ടാം വിവാഹം നടത്തുകയാണ് ചെയ്തത്. 36–ൽ 5 പേർ മാത്രം ആദ്യഭാര്യയുടെ അനുവാദം വാങ്ങിയശേഷം രണ്ടാം വിവാഹം ചെയ്തവരാണ്. ഭർത്താവിന്റെ രണ്ടാം വിവാഹച്ചടങ്ങിൽ പങ്കെടുക്കുകയും പുതുമണവാട്ടിയെ വീട്ടിലേക്ക് സ്വയം തന്നെ ആനയിച്ചുകൊണ്ടുവരികയും ചെയ്ത 2 ആദ്യ ഭാര്യമാരെയും കൂട്ടത്തിൽ കാണാൻ കഴിഞ്ഞു.

ശരീഅത്തിന്റെ ഉപാധികൾ പാലിക്കാൻ ഇവരിൽ ഭൂരിപക്ഷത്തിനും കഴിഞ്ഞിട്ടില്ലെന്നതാണു വാസ്തവം. ഒന്നിലധികം വിവാഹം ചെയ്യുന്നതിന് മതത്തിൽ വിരോധമില്ലെന്നല്ലാതെ അങ്ങനെ വിവാഹം ചെയ്യുന്നവരോട് ശരീഅത്ത് എന്തെല്ലാം ആവശ്യപ്പെടുന്നു എന്നതിനെക്കുറിച്ച് ഒന്നും അറിയാത്തവരാണ് ഇവരെല്ലാം. രണ്ടാം വിവാഹത്തിനു ശേഷം ഭർത്താവിന്റെ പെരുമാറ്റത്തിൽ വ്യത്യാസമനുഭവപ്പെടാത്ത ആദ്യഭാര്യമാർ 10 പേർ മാത്രമാണുള്ളത്. ഇവരിൽതന്നെ രണ്ടുപേർ പറഞ്ഞത് രണ്ടാം വിവാഹത്തിനു ശേഷം ഭർത്താവ് തങ്ങളെ കൂടുതൽ സ്നേഹിക്കാൻ തുടങ്ങി എന്നാണ്. തന്റെ ഭർത്താവ് മറ്റൊരു സ്ത്രീയെക്കൂടി വിവാഹം ചെയ്യുന്നത് മിക്ക സ്ത്രീകളും ഇഷ്ടപ്പെടുന്നില്ല. അതേസമയം, നിലവിൽ ഭാര്യയുള്ള പുരുഷന്റെ രണ്ടാം ഭാര്യയാകുന്നതിൽ അവർക്ക് പൊതുവെ എതിർപ്പുള്ളതായി കാണുന്നുമില്ല. ഇന്റർവ്യൂ ചെയ്ത രണ്ടാം ഭാര്യമാരിൽ 30 പേരും തങ്ങൾ അറിവോടും സമ്മതത്തോടും കൂടിതന്നെ സഭാര്യനായ പുരുഷനെ സ്വീകരിക്കുകയാണ് ചെയ്തതെന്നു സമ്മതിച്ചു. 6 പേർ രക്ഷിതാക്കളുടെ നിർബന്ധത്തിനു വഴങ്ങുകയാണ് ചെയ്തത്. രണ്ടാം ഭാര്യമാർ പൊതുവെ ആദ്യഭാര്യമാരുമായി സ്നേഹത്തിൽ പെരുമാറാൻ ഇഷ്ടപ്പെടുന്നവരാണ്.

ബഹുഭാര്യാത്വം കുട്ടികളുടെ ശിക്ഷണ പരിപാലനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായാണ് പൊതുവെയുള്ള അനുഭവം, സപത്നിമാരും അവരുടെ സന്താനങ്ങളും ഒരേവീട്ടിൽ താമസിക്കുകയോ, ഭാര്യമാരോട് ഭർത്താവ് തുല്യമായി പെരുമാറുകയോ ചെയ്യുന്ന പരിതഃസ്ഥിതിയിൽ കുട്ടികൾക്കും ശിക്ഷണവും പരിലാളനയും ശരിയായ തോതിൽ ലഭിക്കുന്നുണ്ട്. പക്ഷേ, പല ഭർത്താക്കന്മാരും രണ്ടാം വിവാഹത്തിനു ശേഷം ഏതെങ്കിലും ഒരു ഭാര്യയിലേക്കു കൂടുതൽ ചായുകയാണ് ചെയ്യുന്നത്.

പുരുഷന്മാരിൽ അധികപേരും ബഹുഭാര്യാത്വം നിരോധിക്കുന്നതിനെ അനുകൂലിക്കുന്നവരല്ല. സ്ത്രീകൾ അനുകൂലമോ പ്രതികൂലമോ ആയ അഭിപ്രായം പ്രകടിപ്പിക്കാൻ കഴിയാത്തവരായിരുന്നു പൊതുവെ. ആദ്യഭാര്യമാരിൽ 7 പേർ മാത്രമാണ് നിരോധനം ആവശ്യമാണെന്നു പറഞ്ഞത്. 5 പേർ നിരോധനത്തെ എതിർക്കുക തന്നെ ചെയ്തു. രണ്ടാം ഭാര്യമാർ പൊതുവെ നിരോധനത്തിന് അനുകൂലമല്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബഹുഭാര്യാത്വം നിരോധിച്ചിരുന്നെങ്കിൽ ഇത്ര കഷ്ടപ്പെടേണ്ടിയിരുന്നില്ല എന്നാണ് ഒരു ഹിന്ദു സ്ത്രീ പറഞ്ഞത്. ഒരു ക്രിസ്ത്യൻ വനിതയും ഏതാണ്ട് ഇതുപോലുള്ള അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി.

ശരീഅത്ത് നിയമത്തെ ദുരുപയോഗം ചെയ്താണു പലരും ഒന്നിലധികം ഭാര്യമാരെ വരിച്ചത്. അതേസമയം, ഭാര്യമാർക്കിടയിൽ നീതി പുലർത്താനും അവർക്കിടയിലെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനും ഭർത്താക്കന്മാർ ഔത്സുക്യം കാണിക്കുന്നുമില്ല. വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ, ശരീഅത്ത് നിയമങ്ങളെക്കുറിച്ച് അറിവില്ലായ്മ, മതപണ്ഡിതന്മാർക്ക് ഇത്തരം സാമൂഹിക പ്രശ്നങ്ങളിലുള്ള താൽപര്യക്കുറവ് എന്നിങ്ങനെ പല ഘടകങ്ങളും ബഹുഭാര്യാത്വത്തെ പലർക്കും ഒരു ശാപമാക്കി മാറ്റുന്നതിനു കാരണമായിട്ടുണ്ട്. ജനങ്ങൾക്ക് അവരുടെ ജീവൽപ്രശ്നങ്ങളിൽ മാർഗദർശനം നൽകാനും അവർക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മതപണ്ഡിതന്മാർ തയാറാവുകയാണെങ്കിൽ ഈ അവസ്ഥ മാറുമെന്ന് വിശ്വസിക്കാം. ■

(ഈ സർവേയിൽ സഹകരിച്ചവർ: പി.എ.എം അബ്ദുൽഖാദിർ മാസ്റ്റർ (തിരൂർക്കാട്), ടി.വി മുഹമ്മദലി (തൃശൂർ), ഫാത്വിമാ മൂസ (കപ്പൂർ), സൈദ് തളിപ്പുഴ, എൻ.പി ഹാഫിസ് മുഹമ്മദ് (ഫാറൂഖ് കോളേജ്). ക്രോഡീകരണം: റഹ്മാൻ മുന്നൂർ)